പത്രക്കുറിപ്പ്
28-7-2020

## ബഡ്സ് സ്കൂൾ വിദ്യാർത്ഥികൾക്ക് സഹായകമായി
## കുടുംബശ്രീയുടെ വീഡിയോ പരിശീലനം

തിരുവനന്തപുരം: സംസ്ഥാനത്ത് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പിന്തുണയോടെ കുടുംബശ്രീ നടത്തുന്ന ബഡ്സ് സ്ഥാപനങ്ങളിലെ, ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കു വേണ്ടി വീഡിയോ പരിശീലന ക്ളാസുകൾ ആരംഭിച്ചു. കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ബഡ്സ് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കാലതാമസം നേരിടേണ്ടി വരുന്ന സാഹചര്യത്തിൽ കുട്ടികളുടെ പഠന നിലവാരം പുന: സ്ഥാപിക്കുന്നതിനും മാനസിക വികാസം സാധ്യമാക്കുന്നതിനും വേണ്ടിയാണ് ഇവർക്കായി പ്രത്യക വീഡിയോ പരിശീലനം ആരംഭിച്ചത്.

സംസ്ഥാനത്തെ 289 ബഡ്സ് സ്ഥാപനങ്ങളിലെ 9002 കുട്ടികൾക്ക് പ്രയോജനം ചെയ്യുന്നതാണ് കുടുംബശ്രീയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു വരുന്ന വീഡിയോ പരിശീലനം. 138 ബഡ്സ് സ്കൂളുകളിലും 151 ബഡ്സ് പുനരധിവാസ കേന്ദ്രങ്ങളിലുമായി പഠനവും പകൽപരിപാലനവും ഉൾപ്പെടെയുള്ള സേവനങ്ങൾ ലഭിച്ചു വന്നിരുന്നവരാണ് ഈ കുട്ടികൾ. ഇവരുടെ മാനസികവും ശാരീരികവുമായ വളർച്ചയ്ക്ക് സഹായകരമാകുന്ന പ്രവർത്തനങ്ങൾക്കും പരിശീലന പരിപാടികൾക്കും മുടക്കം വരാതെ തുടർന്നും ലഭ്യമാക്കുന്നതിനു വേണ്ടിയാണ് പ്രത്യേക പരിശീലനം നേടിയ 430 അധ്യാപികമാർ മുഖേന ഈ ഘട്ടത്തിലും കുട്ടികൾക്ക് വീഡിയോ പരിശീലനം നൽകി വരുന്നത്.

ദൈനംദിന ജീവിതത്തിലെ പ്രവർത്തനങ്ങൾ, പരിസര നൈപുണി, ആരോഗ്യ നൈപുണി, പരിസര നൈപുണി, പ്രാഥമിക ഗാർഹിക നൈപുണികൾ, പേപ്പർ ബാഗ്, പേപ്പർ പേന, കരകൗശല വസ്തുക്കൾ എന്നിവയുടെ നിർമാണം തുടങ്ങിയവയുമായി ബന്ധപ്പെട്ട പരിശീലന വീഡിയോകളാണ് കുട്ടികൾക്കായി ഒരുക്കിയിട്ടുള്ളത്.

ഓരോ ബഡ്സ് സ്ഥാപനങ്ങളിലും പഠിക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്ക് ഈ വീഡിയോ വാട്ട്സാപ്, ഫേസ്ബുക്ക്, യൂട്യൂബ് ചാനൽ എന്നിവയിലൂടെ എത്തിച്ചു നൽകുകയാണ് ഇപ്പോൾ ചെയ്യുന്നത്. എല്ലാ കുട്ടികളും ഈ വിഡിയോ കാണുന്നുണ്ടെന്നും അതനുസരിച്ച് പരിശീലനങ്ങൾ ചെയ്യുന്നുണ്ടെന്നും അധ്യാപകരിലൂടെ ഉറപ്പു വരുത്തുന്നുണ്ട്. കൂടാതെ പദ്ധതിയുമായി ബന്ധപ്പെട്ട ജില്ലാ പ്രോഗ്രാം മാനേജർമാർ വഴി കൃത്യമായ നിരീക്ഷണവും വിലയിരുത്തലുമുണ്ട്.

പഠന പ്രവർത്തനങ്ങൾക്കൊപ്പം കുട്ടികളുടെ ശാരീരികക്ഷമത നിലനിർത്തുന്നതിനായി ബഡ്സ് സ്കൂളുകളിലെ തെറാപ്പിസ്റ്റുകളെ ഉപയോഗിച്ച് പൊതു വ്യായാമ പരിശീലനം സംബന്ധിച്ച വീഡിയോയും ഇപ്പോൾ കുട്ടികളിലേക്കെത്തിക്കുന്നുണ്ട്. കൂടാതെ കോഴിക്കോട് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന കോമ്പോസിറ്റ് റീജിയണൽ സെന്ററുമായി ചേർന്ന് ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കനുയോജ്യമായ വിവിധ തെറാപ്പികളുടെ വിഡിയോ അധ്യാപകർ മുഖേന രക്ഷിതാക്കളിലേക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നു വരികയാണ്.

ലോക്ക്ഡൗൺ നീണ്ടു പോകുന്ന സാഹചര്യത്തിലാണ് കുട്ടികൾക്കാവശ്യമായ പഠന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി അധ്യാപകർ മുഖേന തയ്യാറാക്കിയ വീഡിയോ, രക്ഷകർത്താക്കളിലൂടെ നിർവഹിക്കാൻ കഴിയുന്ന തരത്തിൽ എത്തിക്കാമെന്നു തീരുമാനിച്ചത്. തുടർന്ന് കുട്ടികളുടെ പഠനത്തിന് സഹായകരമാകുന്ന വിവിധ പ്രവർത്തനങ്ങളുടെ വീഡിയോ തയ്യാറാക്കി നൽകാൻ ബഡ്സ് സ്ഥാപനങ്ങളിലെ അധ്യാപകർക്ക് നിർദേശം നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ അധ്യാപകർ വീഡിയോ തയ്യാറാക്കി നൽകുകയായിരുന്നു.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ